# IDEAL INDIAN SCHOOL, DOHA- QATAR
## PRE BOARD I EXAMINATION, JANUARY 2024
### MALAYALAM ( 012 )
### മലയാളം

**Class: X** **Max.Marks: 80**
**Date:30.01.2024** **Duration: 3hours**

---

The question paper is divided into two sections:
**Section A**: Reading Comprehension (V.S.A.Q)
Vocabularuy Building & Prose & Poetry **: 40 Marks**
**Section B:** Grammar, Composition
Literature (Prose,Poetry & Supplementary) **:40 Marks**

---

**എ – വിഭാഗം / Section: A**

**1.തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും1 മാർക്ക് വീതം)** **(8x1=8)**

തൻറെ ഉള്ളിലുള്ള അറിവിനെ ആശയമാക്കി ശ്രോതാവിലേക്ക് കാര്യക്ഷമമായി വിനിയോഗിക്കുമ്പോൾ ആണ് പ്രസംഗം നന്നാവുന്നത്. ഒരു നല്ല പ്രസംഗം കടുത്ത വേനലിൽ കുളിരു പോലെയാണ്. ഒരു വ്യക്തി സമൂഹവുമായി നടത്തുന്ന ആശയവിനിമയമാണ് പ്രസംഗം. പ്രഭാഷകനിൽ ഉളവാകുന്ന ആശയങ്ങൾ ചിന്തയുടെ കൈത്താളങ്ങളോടെ സഞ്ചരിച്ച് പ്രേക്ഷകൻറെ അനുഭവങ്ങളെ ഉദ്ദീപിപ്പിക്കുമ്പോഴാണ് പ്രസംഗം എന്ന കല നടക്കുന്നത്. പ്രാസംഗികൻറെ ചലനങ്ങളും ശ്രദ്ധയോടെ ആകണം. മുഖഭാവം, ശരീരചലനങ്ങൾ, ഭാഷ എന്നിവ അരോചകമാകാൻ പാടില്ല. താൻ പ്രസംഗിക്കുന്ന വിഷയത്തെക്കുറിച്ചുള്ള അറിവ് നന്നായി ഉണ്ടാകണം പ്രാസംഗികന്. അറിവ് അഥവാ ജ്ഞാനമാണ് പ്രാസംഗികന് വേണ്ട മുഖ്യ ഗുണം. വായനയാണ് വേണ്ട മറ്റൊരു ഗുണം. നൂതനമായ അറിവുകൾ ആർജ്ജിക്കുവാൻ അയാൾ സമൃദ്ധമായി വായിക്കുന്നവൻ ആകണം. നല്ലഭാഷയാണ് പ്രാസംഗികന് വേണ്ട വേറൊരു ഘടകം. നല്ലഭാഷ കരഗതമാക്കിയാലേ നന്നായി സംസാരിക്കാനാവൂ. ഇത് സ്വയം ആർജിച്ചെടുക്കേണ്ട ഗുണമാണ്. പ്രാസംഗികൻ നല്ല വിമർശകൻ കൂടിയാകണം. ഒരുപക്ഷം പിടിച്ച് സംസാരിക്കുന്നവൻ നല്ല പ്രാസംഗികൻ അല്ല. ഉള്ളത് ഉള്ളതുപോലെ പറയണം. സത്യവാക്കാണ് അവനിൽ നിന്ന് ശ്രോതാവ് പ്രതീക്ഷിക്കുന്നത്. തനിക്ക് ബോധ്യം ഇല്ലാത്ത സംഗതിയെക്കുറിച്ച് ഒരിക്കലും പ്രസംഗിക്കരുത്. തന്നെക്കുറിച്ചും സദസ്സിനെക്കുറിച്ചും ബോധം വേണം. താൻ എല്ലാം അറിയുന്നവനും സദസ്യരെല്ലാം വിഡ്ഢികളാണെന്നും ഉള്ള ചിന്ത പ്രാസംഗികൻ വെച്ച് പുലർത്തരുത്. സദസ്യരുടെ അറിവ്, സംസ്കാരം, താല്പര്യങ്ങൾ, സാമൂഹികബോധം ഇവയെല്ലാം പ്രാസംഗികൻ മുൻകൂട്ടി കാണണം. സുകുമാർ അഴീക്കോട് പ്രാസംഗിന് വേണ്ട പ്രധാന ഗുണമായി പറയുന്നത് പ്രത്യുത്പന്നമതിത്വമാണ്. മിതവും അർത്ഥ പൂർണ്ണവുമായി പറയാനുള്ള കഴിവ്, സംഭാഷണത്തിൽ പുലർത്തേണ്ട ആരോഹണാവരോഹണങ്ങൾ, ആമുഖം, വിശകലനം, ഉപസംഹാരം എന്നീ ചിട്ടകൾ ഒക്കെ പ്രസംഗത്തിൽ

ഉൾച്ചേരുന്നതിനെയാണ് പ്രത്യുത്പന്നമതിത്വം എന്ന് ഉദ്ദേശിക്കുന്നത്. തൻറെ വാക്കുകൾ ശ്രോതാക്കളിൽ കടക്കുന്നില്ല എന്ന് കണ്ടാൽ പ്രസംഗം മരിച്ചു തുടങ്ങി എന്നർത്ഥം. അവിടെ പ്രസംഗം അവസാനിപ്പിക്കുന്നതാണ് യുക്തം. ഔചിത്യം പാലിക്കുന്ന പ്രസംഗം അനുപമവും സുന്ദരവും ആകും.

**ചോദ്യങ്ങൾ**

1(a) പ്രസംഗം എന്ന കല നടക്കുന്നതെങ്ങനെ?
1(b) പ്രസംഗം നന്നാവുന്നതെപ്പോൾ?
1(c) പ്രാസംഗികന് വേണ്ട മുഖ്യ ഗുണം ഏത് ?
1(d) പ്രാസംഗികനിൽ ഉണ്ടാകാൻ പാടില്ലാത്ത ചിന്ത എന്ത്?
1(e) സ്വയം പ്രാസംഗികൻ ആർജ്ജിക്കേണ്ട ഗുണമേത്?
1(f) പ്രത്യുത്പന്നമതിത്വം എന്നാലെന്ത്?
1(g) പ്രാസംഗികൻ മുൻകൂട്ടി കാണേണ്ട കാര്യങ്ങളെന്തൊക്കെ?
1(h) പ്രസംഗം മരിച്ച് തുടങ്ങുന്നു - എപ്പോൾ ?

**2.തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും1 മാർക്ക് വീതം) (7x1=7)**

സർവ്വ ചരാചരങ്ങളുടെയും നിലനിൽപ്പിന് അടിസ്ഥാനമായി നിലനിൽക്കുന്ന പശ്ചാത്തലമാണ് പ്രകൃതി. പക്ഷേ സ്വാർത്ഥത കൊണ്ടും നാളെയെ കുറിച്ചുള്ള ചിന്ത തെല്ലും ഇല്ലാത്തതിനാലും പ്രകൃതിയുടെ സ്വാഭാവികതയ്ക്ക് മേൽ നമ്മൾ എപ്പോഴും പരിധിയില്ലാത്ത ദ്രോഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിയെ സംരക്ഷിക്കാനുള്ള ബാധ്യത വിദ്യാർത്ഥിയായിരിക്കുമ്പോൾ നാം നേടിയെടുക്കണം. ആരോഗ്യമുള്ള ശീലങ്ങൾ അതിനുവേണ്ടി നാം അഭ്യസിക്കണം. പ്രകൃതിവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്നു സ്വാർത്ഥ ചിന്താഗതിക്കാരെ ബോധ്യം നൽകി തിരുത്തലുകൾ വരുത്താൻ നമുക്കാവണം. പ്രകൃതിക്ക് ഏറ്റവും ദോഷം ചെയ്യുന്ന പ്ലാസ്റ്റിക്കും, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും പരമാവധി കുറയ്ക്കാൻ നാം ശ്രമിക്കണം. സാധനങ്ങൾ വാങ്ങുവാൻ കടകളിൽ ചെല്ലുമ്പോൾ തുണി കൊണ്ടോ ചണം കൊണ്ടോ ഉണ്ടാക്കിയ ക്യാരിബാഗുകൾ നമ്മുടെ നിത്യജീവിതത്തിൻറെ ഭാഗമാക്കി മാറ്റണം. വിദ്യാലയങ്ങളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിസ്ഥിതി ക്ലബ്ബുകളുടെ പ്രവർത്തനം വിപുലമാക്കണം. പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള പ്രായോഗിക പരിശീലനം ഈ ക്ലബ്ബുകൾ പ്രദാനം ചെയ്യണം. പ്ലാസ്റ്റിക് രഹിത വിദ്യാലയമായി വിദ്യാലയങ്ങളെ മാറ്റുവാൻ ശ്രമങ്ങൾ തുടങ്ങണം. വായുവും ജലവും എല്ലാം ഇത്തരത്തിൽ ശുദ്ധതയോടെ കാത്തുസൂക്ഷിക്കാൻ നമുക്ക് കഴിയണം. നമ്മുടെ നാട്ടിൽ വായുമലിനീകരണത്തിന് കാരണമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെങ്കിൽ ആ വിവരം മലിനീകരണ നിയന്ത്രണ ബോർഡിൽ അറിയിച്ച് സത്വര നടപടികൾ സ്വീകരിക്കണം. വാഹനങ്ങളിൽ പുക പരിശോധന കർശനമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകണം. ജലസ്രോതസ്സ് ശുദ്ധതയോടെ സംരക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തണം. നമ്മുടെ ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിക്കുന്നു എന്ന തിരിച്ചറിവ് ഭയം ഉണർത്തുന്നതാണ്. അതിനെ പ്രതിരോധിക്കാൻ ശ്രദ്ധിക്കണം. ഇങ്ങനെ പ്രകൃതി സംരക്ഷണത്തിന്റെ പാഠങ്ങൾ ചെറുപ്രായം മുതൽ അഭ്യസിച്ചു വളരുന്നവരെയേ ഉത്തമ പൗരന്മാർ എന്ന് ലോകം വാഴ്ത്തു . അവർ നാളെയുടെ സംരക്ഷകരും ചരിത്രസൃഷ്ടാക്കളുമായി മാറും. പ്രകൃതി അമ്മയാണെന്ന ആത്മാർത്ഥമായ തിരിച്ചറിവ് കൂടുതൽ ആർജ്ജവത്തോടെ പെരുമാറാൻ നമുക്ക് പ്രചോദനമാകും. പ്രകൃതിയെ സംരക്ഷിക്കുമെന്ന് ഓരോരുത്തരും ഉറപ്പുവരുത്തണം.

**ചോദ്യങ്ങൾ**

2(a) പ്രകൃതിക്ക് മേൽ നാം ദ്രോഹം പ്രവർത്തിക്കുന്നതിനടിസ്ഥാനമെന്ത്?
2(b) ആരെയാണ് നാം തിരുത്തേണ്ടത്?
2(c) ജീവിതത്തിൻറെ നിത്യഭാഗമാക്കി മാറ്റേണ്ട കാര്യമെന്ത്?
2(d) നമ്മിൽ ഭയം ഉണർത്തുന്ന തിരിച്ചറിവേത്?
2(e) ഉത്തമ പൗരൻ ആരാണ്?
2(f) വായുമലിനീകരണം നിയന്ത്രിക്കാൻ ചെയ്യാവുന്ന കാര്യങ്ങളെന്തൊക്കെ?
2(g) പ്രകൃതി സംരക്ഷണത്തിനായി വിദ്യാലയങ്ങളിൽ ചെയ്യാവുന്ന പ്രവർത്തനങ്ങൾ ഏവ?

**3.തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** **(7x1=7)**

3(a) വിലാപം - എന്ന പദത്തിൻറെ പര്യായപദമേത്?
(a) കൃത്യം (b) പ്രമാണം
(c) കരച്ചിൽ (d) കണ്ഠം

3(b) പുള്ളുവൻ - എതിർലിംഗ പദമേത്?
(a) പുള്ളുവ (b) പുള്ളുവത്തി
(c) പുള്ളി (d) പുള്ളുവി

3(c) ഉദരം - എന്ന പദത്തിൻറെ ശരിയായ അർത്ഥമേത്?
(a) കരം (b) ശിരസ്സ്
(c) ലോചനം (d) വയറ്

3(d) പുഴ - പിഴ --- ശരിയായ അർത്ഥ വ്യത്യാസം കണ്ടെത്തുക
(a) ആറ് - പാത (b) വാക്ക് - തെറ്റ്
(c) ആറ് - തെറ്റ് (d) പാത - സന്ദർഭം

3(e) വഹ്നിസന്തപ്തം - ശരിയായ വിഗ്രഹാർത്ഥ പദം ഏത്?
(a) വഹ്നിയുടെ സന്തപ്തം (b) വഹ്നിയാൽ സന്തപ്തം
(c) വഹ്നിയും സന്തപ്തവും (d) വഹ്നിയാകുന്ന സന്തപ്തം

3(f) പ്രാണി - എന്ന പദത്തിൻറെ നാനാർത്ഥം വരാത്ത പദമേത്?
(a) കീടം (b) മനുഷ്യൻ
(c) ജീവനുള്ളത് (d) തോഴി

3(g) ത്രിലോകത്തെ സംബന്ധിച്ചത് - എന്നതിൻറെ ഒറ്റപ്പദം ഏത് ?
(a) സ്വർലോകം (b) ത്രൈലോക്യം
(c) മൂവുലക് (d) പാതാളലോകം

3(h) നല്ലതിഥി – ശരിയായ പിരിച്ചെഴുത്ത് ഏത്?
(a) നല്ല + തീയ്യതി (b) നൽ + തിഥി
(c) നല്ല + അതിഥി (d) ന + തിഥി

3(i) ചാരെ - വിപരീത പദം ഏത്?
(a) അരികെ (b) പാരെ
(c) അകലെ (d) ദൂരെ

3(j) തന്നിരിക്കുന്നതിൽ ശരിയായ പദം ഏത്?

(a) ബാഗീരഥീകച്ഛം (b) ഭാഗീരഥീകച്ഛം

(c) ഭാഗീരതീകച്ചം (d) ഭാകീരഥീകച്ഛം

**4.തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുക്കുക . (ഓരോന്നിനും 2 മാർക്ക് വീതം)**

**(9x2=18)**

4.(a) മഞ്ഞാലീറനുടുത്തൊരു പാവന ഭാവം

(i) ആർക്കാണീ ഭാവം?

(a) ഉഷസ്സിന് (b) ഓണത്തപ്പന്

(c) മലനാടിന് (d) തുമ്പകൾക്ക്

(ii) ഈ പാഠഭാഗം ഏത് കാവ്യസമാഹാരത്തിലേതാണ്?

(a) കന്നിക്കൊയ്ത്ത് (b) വിട

(c) കയ്പവല്ലരി (d) ഓണപ്പാട്ടുകാർ

4.(b) കാരണവരേ, കട്ടാൽ മതി ജയിലിലെത്തിച്ചേരാം.

(i) ഈ വാക്കുകളിൽ തെളിയുന്ന ഭാവം ഏത്?

(a) സഹതാപം (b) കാരുണ്യം

(c) പരിഹാസം (d) ദേഷ്യം

(ii) സന്ദർഭം ഏത്?

(a) തീവണ്ടിയാപ്പീസിൽ വച്ച് (b) പാറാവുകാരനെ കണ്ടപ്പോൾ

(c) കണ്ണൂരിൽ ഇറങ്ങി വഴി ചോദിച്ചപ്പോൾ (d) ജയിലിൽ വച്ച്

4.(c) "കാലത്തെ ആർക്കും കവച്ചു കടക്കരുതല്ലോ "

(i) ആരോടാണിത് പറയുന്നത്?

(a) സഞ്ജയനോട് (b) അശ്വത്ഥാമാവിനോട്

(c) വ്യാസമഹർഷിയോട് (d) യുധിഷ്ഠിരനോട്

(ii) ഭാരതയുദ്ധം നടന്നതെവിടെ വച്ച്?

(a) സമന്തപഞ്ചകം (b) ഓഘവതീ തീരം

(c) ആർഷഭാരതം (d) കുരുക്ഷേത്രം

4.(d) "പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും "

(i) ആരുടെ വാക്കുകളാണിത്?

(a) നളിനി (b) ആശാൻ

(c) ദിവാകരൻ (d) വിവേകികൾ

(ii) കുമാരനാശാൻ ഏത് മാസികയുടെ പത്രാധിപരായിരുന്നു?

(a) ഭാഷാപോഷിണി (b) ചിന്താരത്നം

(c) വിവേകോദയം (d) കേരളകൗമുദി

4.(e) (i) വെട്ടമില്ലാളില്ല - എവിടെയാണ് ഇതൊന്നും ഇല്ലാത്തത്?

(a) വിദ്യാലയ മുറ്റത്ത് (b) ആശുപത്രിയിൽ

(c) രാക്കടയിൽ (d) കോവിലിൽ

(ii) അവിടെ കണ്ണ് പൊത്തിക്കളിക്കുന്നതാര്?

(a) ഈശ്വരൻ (b) ആളുകൾ

(c) ഏകാന്തത (d) തെരുവുപട്ടി

4.(f) നല്ലതിഥി നമുക്കിനി ആരിതു പോലെ

(i) ഇവിടെ പ്രതിപാദിക്കുന്ന നല്ല അതിഥികൾ ആരൊക്കെ?

(a) തുമ്പയും മുക്കുറ്റിയും (b) ഓണവും മാവേലിയും

(c) കടലും അരുവിയും (d) പുള്ളുവനും വീണയും

(ii) ഇതിൽ വൈലോപ്പിള്ളിക്ക് ചേരുന്ന വിശേഷണമേത്?

(a) ഖണ്ഡകാവ്യകാരൻ (b) ഭാഷാനിപുണൻ

(c) ഉജ്ജ്വലശബ്ദാഢ്യൻ (d)കാച്ചിക്കുറുക്കിയ കവിതകളുടെ കർത്താവ്

4.(g) ആകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ

(i) സ്വപ്നതുല്യമായതെന്ത്?

(a) സംസാര ജീവിതം (b) ഭോഗങ്ങൾ

(c) മർത്ത്യ ജന്മം (d) ആയുസ്സ്

(ii) ഈ വരികൾ ഏത് കാണ്ഡത്തിലേതാണ് ?

(a) ബാലകാണ്ഡം (b) അയോദ്ധ്യാകാണ്ഡം

(c) ആരണ്യകാണ്ഡം (d) യുദ്ധകാണ്ഡം

4.(h) " അതിനെ ,അവനെ, എപ്പോഴും എവിടെയും കരുതിയിരുന്നു കൊള്ളുക "

(i) എന്തിനെക്കുറിച്ചാണീ പ്രസ്താവന ?

(a) ചിരഞ്ജീവിത്വം (b) യുദ്ധം

(c) ഉച്ചനീചത്വം (d) മനുഷ്യമനസ്സിലെ പക

(ii) താഴെ കൊടുത്തതിൽ കുട്ടികൃഷ്ണമാരാരുടെ കൃതി ഏത്?

(a) കല ജീവിതം തന്നെ (b) പുരുഷാന്തരങ്ങളിലൂടെ

(c) പ്രരോദനം (d) ആൾമറ

4.(i) അവന് വല്യ ഇഷ്ടാർന്നു

(i) ഇളയ കുട്ടിയുടെ ഇഷ്ട പരിപാടി ഏതായിരുന്നു?

(a) പ്രാദേശിക വാർത്ത (b) ബാലമണ്ഡലം

(c) ചലച്ചിത്രഗാനങ്ങൾ (d) നാടകം

(ii) അത് ഏത് ദിവസത്തെ സ്പെഷൽ പരിപാടിയാണ് ?

(a) തിങ്കൾ (b) ഞായർ

(c) വെള്ളി (d) എല്ലാദിവസവും

4.(j) തൻറെ മകൻറെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റ് വാങ്ങി

(i) ആരെപ്പോലെയാണ് വെള്ളായിയപ്പൻ മൃതദേഹം ഏറ്റ് വാങ്ങിയത്?

(a) കർഷകനെപ്പോലെ (b) അപരിചിതനെപ്പോലെ

(c) നിസ്സഹായനായി (d) പേറ്റിച്ചിയെപ്പോലെ

(ii) വെയിലിന് മുകളിൽ നിന്ന് അന്നം കൊത്താൻ ഇറങ്ങി വന്നതാര്?

(a) കഴുകന്മാർ (b ) പ്രാവുകൾ

(c) കാക്കകൾ (d) തോട്ടികൾ

## ബി – വിഭാഗം / Section:B

**5.(a) അംഗവാക്യം അംഗിവാക്യം വേർതിരിച്ചെഴുതുക** **(1)**

(i) ചെമ്പുമത്തായിയുടെ അടുക്കൽ വന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു.

**5.(b) വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക** **(1)**

(i) പകച്ചു പായുന്ന ആനകൾ അവരെ ചവിട്ടിയരച്ചു.

**5.(c) പ്രയോഗം മാറ്റുക** **(2x1=2)**

(i) ഏതോ ശീലത്തിൻറെ സ്വാധീനത്താൽ പാറാവുകാരനാൽ കടലാസ് നിവർത്തി നോക്കപ്പെട്ടു.

(ii) തീർത്ഥാടനം മുടങ്ങിയപ്പോൾ അയാൾ സ്വയം ആശ്വസിപ്പിച്ചു.

**5.(d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക** **(2x1=2)**

(i) ഇന്ന് മംഗളത്തിന് വേണ്ടി നാം പാളയത്തിന് വെളിയിൽ ശിബിരത്തിൻറെ പുറത്ത് പാർക്കണം.

(ii) ചാക്കുണ്ണിയുടെ തയ്യലിൻറെ രാവുകളും രാത്രികളും നീണ്ടു.

.

**5.(e) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക** **(2x1=2)**

(i) പരിശോധനകൾ (ii ) ദുഷ്ക്കരം (iii) താൽപര്യരഹിതം

**6.(a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക** **(5)**

വൃദ്ധസദനങ്ങൾ സമൂഹത്തിന് ഭൂഷണമോ

**OR**

നഷ്ടമാകുന്ന കാർഷിക സംസ്ക്കാരം

**6.(b)** ദിനംപ്രതി വർദ്ധിച്ചു വരുന്ന സമരങ്ങളും ഹർത്താലുകളും ജനദ്രോഹ പരമാകാത്ത രീതിയിൽ നിയന്ത്രണ വിധേയമാക്കാൻ സർക്കാർ നടപടി എടുക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന vആഭ്യന്തര vവകുപ്പ് മന്ത്രിക്ക് കത്ത് തയ്യാറാക്കുക.. **(5)**

**6.(c)** മാലിന്യ സംസ്ക്കരണം എന്ന വിഷയത്തെ അധികരിച്ച് 'ശുചിത്വ കേരള മിഷൻ' വിദ്യാർത്ഥികൾക്കായി നടത്തിയ ശില്പശാല കേരള ഗവർണർ ഉദ്ഘാടനം ചെയ്തു **(4)**

---- എന്ന വിഷയത്തെ അടിസ്ഥാനമാക്കി പത്രവാർത്ത തയ്യാറാക്കുക.

**7.തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക ( ഒരോന്നിന്നും 3 മാർക്ക് വീതം)** **(2x3=6)**

**7.(a)** "ഗുരു ഘാതികൾക്ക് കുലപാംസനലോകങ്ങളില്ല"

- സന്ദർവും ആശയവും വിശദമാക്കുക.

**7.(b)** വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

**7.(c)** 'റേഡിയോ' കഥയിലെ ശക്തമായ സാന്നിധ്യമാകുന്നതെങ്ങനെ? – 'പണയം' എന്ന കഥയിലെ സന്ദർഭങ്ങൾ പരിശോധിച്ച് വിവരിക്കുക.

**8. തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക ( ഒരോന്നിന്നും 3 മാർക്ക് വീതം)** **(2x3=6)**

**8.(a)** "പഴയൊരു പുള്ളുവനാണല്ലോ ഞാൻ "
- കവി തന്നെ സ്വയം പുള്ളുവനായി അവതരിപ്പിച്ചിരിക്കുന്നതിൻറെ ഔചിത്യം വ്യക്തമാക്കുക.

**8.(b)** 'അമ്മത്തൊട്ടിൽ' എന്ന ശീർഷകത്തിൻറെ ഔചിത്യം പരിശോധിക്കുക.

.

**8.(c)** " ക്രോധമല്ലോ നിജ ധർമക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം"
**---** ബുധജനം ക്രോധം പരിത്യജിക്കണം എന്ന് രാമൻ പറയാനുള്ള കാരണമെന്ത്?

**9. തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക ( ഒരോന്നിന്നും 3 മാർക്ക് വീതം)** **(2x3=6)**

**9.(a)** ചട്ടമ്പിസ്വാമികളുടെ ലളിത ജീവിത ശൈലിയെപ്പറ്റി വിവരിക്കുക.

**9.(b)** ചട്ടമ്പിസ്വാമികളും സ്വാമി വിവേകാനന്ദനും തമ്മിലുള്ള കൂടിക്കാഴ്ചയെക്കുറിച്ച് വിവരിക്കുക.

**9.(c)** അഴിമതിക്കാരനായ ഉദ്യോഗസ്ഥന് സ്വാമികൾ നൽകിയ അനാദ്യശ്യമായ പാഠം എന്തായിരുന്നു - വിവരിക്കുക.

-----------------------------------